മലപ്പുറത്തെ സൗത്ത് ഏഷ്യൻ കോളേജിനുള്ള അഫിലിയേഷൻ

12 (1065) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല, മലപ്പുറത്തെ സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനത്തിന് അഫിലിയേഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ;

(ബി) അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ യൂണിവേഴ്സിറ്റി നിയമ പ്രകാരമുള്ള യോഗ്യതകൾ ഈ സ്ഥാപനത്തിനുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത കോളേജ് ഏതെല്ലാം . കോഴ്സുകൾ ആരംഭിക്കുന്നതിന് യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട് ; യൂണിവേഴ്സിറ്റി ഏതെല്ലാം കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; പ്രസ്തുത കോഴ്സ് നടത്താനാവശ്യമായ ഭൗതിക സൗകര്യങ്ങൾ കോളേജിനുണ്ടോ ; വിശദ വിവരം ലഭ്യമാക്കാമോ ;

(ഡി) യൂണിവേഴ്സിറ്റി അംഗീകാരമുള്ള ഏതെല്ലാം ബിരുദാനന്തര/ബിരുദ കോഴ്സുകൾ ഈ സ്ഥാപനം നടത്തുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർവ്വകലാശാല മലപ്പുറത്ത് സൗത്ത് ഏഷ്യൻ കോളേജിന് അഫിലിയേഷൻ നൽകിയിട്ടില്ല. പക്ഷേ കോഴിക്കോട് ജില്ലയിൽ കരിങ്ങാട്, തൊട്ടിൽപ്പാലം എന്ന സ്ഥലത്ത് 2012-13 വർഷത്തിൽ സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ഫിലിം ആന്റ് ന്യൂമീഡിയ എന്ന കോളേജിന് അഫിലിയേഷൻ നൽകിയിട്ടുണ്ട്.

(ബി) യൂണിവേഴ്സിറ്റി ചുമതലപ്പെടുത്തിയ ഡിസ്ട്രക്ട് ലെവൽ ഇൻസ്പെക്ഷൻ കമ്മീഷൻ കോളേജ് സന്ദർശിച്ച് പ്രസ്തുത സ്ഥാപനത്തിനു യൂണിവേഴ്സിറ്റി നിയമ പ്രകാരം അഫിലിയേഷൻ നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർക്കാരിലേക്ക് സർവ്വകലാശാല ശുപാർശ സമർപ്പിച്ചതിൽ പ്രകാരം സർക്കാർ എൻ.ഒ.സി. നൽകിയതനുസരിച്ചാണ് കോളേജിന് അഫിലിയേഷൻ നൽകിയിട്ടുള്ളത്.

(സി) മാസ്റ്റർ ഓഫ് ജേർണലിസം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ കോഴ്സിന് യൂണിവേഴ്സിറ്റിയിൽ അപേക്ഷിക്കുകയും യൂണിവേഴ്സിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കോഴ്സ് നടത്താനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇൻസ്പെക്ഷൻ കമ്മീഷൻ പരിശോധിച്ചിട്ടുണ്ട്.

(ഡി) മാസ്റ്റർ ഓഫ് ജേർണലിസം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ.

LIBRARY ARCHIVES Kerala Legislative Assembly